(ബി) 1065 പേർക്ക് നിയമനം നൽകിയിട്ടുണ്ട്.

(സി) 125 പേർക്ക് നിയമനം നൽകിയിട്ടുണ്ട്.

(ഡി) ജോയിനിംഗ് റിപ്പോർട്ടുകൾ ലഭ്യമായതിനു ശേഷമേ എണ്ണം കണക്കാക്കുവാൻ കഴിയൂ.

(ഇ)&(എഫ്) നിലവിലുള്ള രീതിയിൽ ഒരു ഗ്രൂപ്പ് നിയമനം നടത്തിയതിനു ശേഷം ഉണ്ടാകുന്ന സ്ഥിരംഒഴിവുകൾ കണക്കാക്കി പി.എസ്.സി.യെ അറിയിക്കുമ്പോഴാണ് ജോലിയിൽ പ്രവേശിക്കാത്തവരുടെയും വിവരങ്ങൾ പി.എസ്.സി.ക്ക് നൽകുന്നത്.

1999-2000 അദ്ധ്യയന വർഷത്തിൽ തിരുവനന്തപുരം ജില്ലയിൽ ഉദ്ദേശം 120-ൽപ്പരം പി.ഡി.ടീച്ചർമാരുടെ തസ്തിക വിദ്യാർത്ഥികളുടെ കുറവുമൂലം കുറവുണ്ടായി. ഇതിനു പുറമെ 25 ൽപ്പരം അധ്യാപകർ ബി.എഡ്. ട്രെയിനിംഗ് വേക്കൻസിയും പ്രസവാവധിമൂലം ഉണ്ടായ വേക്കൻസിയിലും വർക്ക് ചെയ്തുകൊണ്ടിരിക്കുകയാണ്.

(ജി)&(എച്ച്) ഡെപ്യൂട്ടി ഡയറക്ടർമാരുടെ റിപ്പോർട്ട് അനുസരിച്ച് ഇപ്പോൾ അദ്ധ്യാപക തസ്തികകളിൽ ഒഴിവുകൾ ഇല്ല. ഒഴിവ് ഉണ്ടാകുമ്പോൾ 65% പി.എസ്.സിക്ക് റിപ്പോർട്ട് ചെയ്യാൻ ഡെപ്യൂട്ടി ഡയറക്ടറോട് ആവശ്യപ്പെടുന്നതായിരിക്കും.

(ഐ) നടപ്പ് അദ്ധ്യയനവർഷം എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി നിയമനം നടത്തിയിട്ടില്ല.

(ജെ)-(എൽ) ഇല്ല.

45 (462) പ്രൈവറ്റായി പരീക്ഷ എഴുതുവാൻ അനുവാദം

<u>ശ്രീ. വെങ്ങാനൂർ പി. ഭാസ്കരൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ അംഗീകാരമില്ലാത്ത സ്വകാര്യ സ്കൂളുകളിൽ കുട്ടികൾക്ക് പ്രൈവറ്റായി പരീക്ഷ എഴുതുവാൻ ഈ അദ്ധ്യയന വർഷത്തിൽ അനുവാദം നല്കുന്നുണ്ടോ;

(ബി) ഇല്ലെങ്കിൽ ഇതു സംബന്ധിച്ച അറിയിപ്പ് എല്ലാതലങ്ങളിലുമുള്ള വിദ്യാഭ്യാസ ആഫീസർമാർക്ക് നൽകിയിട്ടുണ്ടോ;

(സി) ഇല്ലെങ്കിൽ പൊതുജനങ്ങൾക്ക് അറിയാൻ കഴിയുന്ന വിധത്തിൽ ആവശ്യമായ പത്രപരസ്യം നൽകുന്ന കാര്യം പരിഗണിക്കുമോ?

<u>ഉത്തരം</u>

(എ) അതാതു സ്കൂളിൽ അനുവദിക്കുന്നതല്ല.

(ബി)&(സി) പത്രക്കുറിപ്പ് ഇതിനകം രണ്ടു പ്രാവശ്യം നൽകി കഴിഞ്ഞിട്ടുണ്ട്.

46 (463) ജോലി നഷ്ടപ്പെട്ട അദ്ധ്യാപകർക്ക് പ്രൊട്ടക്ഷൻ

<u>ശ്രീമതി കെ.കെ. ശൈലജ ടീച്ചർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly

(എ) 1995-96 അദ്ധ്യയനവർഷത്തിനു മുൻപ് ഡിവിഷൻഫാൾ കാരണം ജോലി നഷ്ടപ്പെട്ട അദ്ധ്യാപകർക്ക് പ്രൊട്ടക്ഷൻ നൽകാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) ഇല്ലെങ്കിൽ ഇക്കാര്യം പരിഗണിക്കുമോ?

ഉത്തരം

(എ) ഇക്കാര്യം പരിശോധിച്ചു വരികയാണ്.

(ബി) ചോദ്യം ഉദിക്കുന്നില്ല.

47 (464) സ്കൂൾ ദത്തെടുക്കാൻ പദ്ധതി

ശ്രീ. ജി. സുധാകരൻ :
ശ്രീ. ലോനപ്പൻ നമ്പാടൻ :
ശ്രീ. ടി.കെ. ബാലൻ :
ശ്രീമതി കെ.കെ. ശൈലജ ടീച്ചർ :
ശ്രീ. എൻ. കണ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സ്കൂൾ ദത്തെടുക്കുന്ന പദ്ധതി ആവിഷ്കരിച്ച് നടപ്പാക്കിയത് എപ്പോഴാണെന്ന് വെളിപ്പെടുത്തുമോ;

(ബി) ഈ പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തൊക്കെയെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത പദ്ധതിപ്രകാരം നടപ്പ് അദ്ധ്യയനവർഷത്തിൽ എത്ര സ്കൂളുകൾ ദത്തെടുത്തതെന്ന് കാണിക്കുന്ന സ്റ്റേറ്റ്മെന്റ് മേശപ്പുറത്തു വയ്ക്കുമോ;

(ഡി) സംസ്ഥാനത്ത് നേരത്തെ ദത്തെടുക്കപ്പെട്ട സ്കൂളുകളിലെ പഠനനിലവാരവും വിജയശതമാനവും സർക്കാർ പരിശോധിച്ചിട്ടുണ്ടോ എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(ഇ) ദത്തെടുക്കപ്പെട്ട സ്കൂളുകളിൽ പഠിപ്പിക്കുന്ന പാഠങ്ങൾ വിദ്യാർത്ഥികൾക്ക് നന്നായി മനസ്സിലാക്കുന്നതിനും ആയത് മറക്കാതിരിക്കുന്നതിനും എന്തെങ്കിലും സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ വിശദീകരിക്കുമോ;

(എഫ്) സർക്കാർ ആവിഷ്ക്കരിച്ചിട്ടുള്ള ദത്തെടുക്കൽ പദ്ധതിയുമായി ഒരു വിഭാഗം അദ്ധ്യാപകർ നിസ്സഹകരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ എങ്കിൽ എല്ലാ വിഭാഗം അദ്ധ്യാപകരെയും പദ്ധതിയുമായി സഹകരിക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) 1996-97 അദ്ധ്യയനവർഷം മുതൽ.

(ബി) എസ്.എസ്.എൽ.സി. പരീക്ഷയിൽ മോശപ്പെട്ട വിജയം കരസ്ഥമാക്കുന്ന സ്കൂളുകളിലെ പഠന നിലവാരം മെച്ചപ്പെടുത്തുക എന്നാണ് ഈ പദ്ധതിയുടെ ലക്ഷ്യം.

LIBRARY ARCHIVES Kerala Legislative Assembly